**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഓരോ മണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ ഓരോ നിയോജകമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഓരോ നിയോജക മണ്ഡലത്തിലും അനുയോജ്യമായ ഭൂമി ലഭ്യമാകുകയാണെങ്കിൽ വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. വ്യവസായ പാർക്ക് രൂപീകരിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി കണ്ടെത്തുന്ന ഭൂമി സൈറ്റ് സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് അനുയോജ്യ മാണെന്ന് കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഈ ഭൂമി സർക്കാർ ഏറ്റെടുത്ത് അതിൽ വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നു. പാർക്കിൽ സംരംഭം ആരംഭിക്കാൻ താത്പര്യമുള്ള സംരംഭകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നു. ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, ജില്ലാതല ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയിൽ പരിശോധിച്ച് അർഹരായ സംരംഭ കർക്ക് പാർക്കുകളിൽ ഭൂമി അനുവദിക്കുന്നു. |
| (ബി) | ഇത്തരം വ്യവസായ പാർക്കുകളിൽ പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള സംരംഭങ്ങളും ഐ.റ്റി. ഉൾപ്പെടെയുള്ള സ്റ്റാർട്ടപ്പുകളും തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ; | (ബി) | വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ നിലവിലുള്ള വ്യവസായ പാർക്കുകളിൽ ഇനി അലോട്ട് ചെയ്യുന്നതിനുള്ള ഭൂമിയിൽ പ്രാദേശികാടിസ്ഥാനത്തിൽ പ്രാധാന്യ മുള്ള വ്യവസായങ്ങൾ കണ്ടെത്തി അവ കൂടി ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സർക്കാർ സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ നിലവിലുള്ള വ്യവസായ പാർക്കുകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നവർക്ക് സബ്-സിഡി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ